**കേരള സർക്കാർ**

**ധനകാര്യ വകുപ്പ്**

**വിജ്ഞാപനം**

നം.2604428/ഭരണം-സി2/51/2023/ധന. തീയതി, തിരുവനന്തപുരം 07-12-2023.

**ധനകാര്യ (പരിശോധന-സാങ്കേതികം) വകുപ്പിൽ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ (സിവിൽ/ഇലക്ട്രിക്കൽ), അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ/മെക്കാനിക്കൽ) എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് പാനൽ തയ്യാറാക്കുന്നതിനുള്ള വിജ്ഞാപനം.**

കേരള സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനകാര്യ (പരിശോധന -സാങ്കേതികം) വകുപ്പിൽ താഴെ പറയുന്ന ഒഴിവുകളിലേക്ക് ടെക്നിക്കൽ ഓഫീസർമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി പാനൽ തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. തസ്തികയ്ക്കുവേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ 26/11/2015-ലെ സ.ഉ(പി) നം. 536/2015/ധന. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമായിരിക്കും. ഉത്തരവിന്റെ പകർപ്പ് www.finance.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം. | തസ്തികയുടെ പേര് | യോഗ്യത |
|---|---|---|
| 1 | അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ | കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ/ യൂണിവേഴ്സിറ്റിയിൽ |

| | | |
|---|---|---|
| | | നിന്നും കുറഞ്ഞത് 60% മാർക്കോടുകൂടി സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടുകയും 15 വർഷത്തിൽ കുറയാത്ത പ്രൊഫഷണൽ പോസ്റ്റ് ക്വാളിഫിക്കേഷൻ പരിശീലനം നേടുകയും ചെയ്തിട്ടുള്ള **സൂപ്രണ്ടിംഗ് എഞ്ചിനീയർ** തസ്തികയിൽ (7-ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ -13) അല്ലെങ്കിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള 7-ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ -11 / CPSU scale-E4 -ൽ കുറയാത്ത ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിച്ചുവരുന്ന **എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)** എന്നിവർക്ക് അപേക്ഷിക്കാം. എഞ്ചിനീയറിംഗ്/ മാനേജ്മെന്റിലുള്ള ബിരുദാനന്തര ബിരുദം അഭികാമ്യം.<br>**(കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ/ കേന്ദ്ര സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ / മറ്റു സംസ്ഥാനങ്ങളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ** |

| | | |
|---|---|---|
| | | **എന്നിവിടങ്ങളിൽ നിന്നുള്ള ഓഫീസർമാർക്ക് മാത്രം അപേക്ഷിക്കുന്നതിനായി ഈ തസ്തിക നീക്കിവെച്ചിരിക്കുന്നു).** |
| 2 | ടെക്നിക്കൽ എക്സാമിനർ (സിവിൽ/ഇലക്ട്രിക്കൽ) | കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ/യൂണിവേഴ്സിറ്റിയിൽ നിന്നും കുറഞ്ഞത് 60% മാർക്കോടെ സിവിൽ എഞ്ചിനീയറിംഗ് ബിരുദവും കുറഞ്ഞത് 10 വർഷത്തെ പോസ്റ്റ് ക്വാളിഫിക്കേഷൻ പ്രവൃത്തിപരിചയവും നേടിയിട്ടുള്ള കേന്ദ്ര/ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ **എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ/ഇലക്ട്രിക്കൽ)** (7–ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ –11) അല്ലെങ്കിൽ 7–ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ 10/ CPSU scale-E3 / തത്തുല്യ സംസ്ഥാന സർക്കാർ വേതനത്തിൽ) 3 വർഷത്തെ **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ** (സിവിൽ/ഇലക്ട്രിക്കൽ) തസ്തികയിലുള്ള പ്രവൃത്തിപരിചയം എന്നിവയുള്ളവർക്ക് അപേക്ഷിക്കാം. എഞ്ചിനീയറിംഗ്/ മാനേജ്മെന്റിലുള്ള |

| | | |
|---|---|---|
| | | ബിരുദാനന്തര ബിരുദം അഭികാമ്യം.<br>**ഈ തസ്തികയിലുള്ള 50% ഡെപ്യൂട്ടേഷൻ പോസ്റ്റുകൾ കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ / മറ്റു സംസ്ഥാനങ്ങളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഓഫീസർമാർക്ക് മാത്രം അപേക്ഷിക്കുന്നതിനായി നീക്കിവെച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 50% തസ്തികകളിലേയ്ക്ക് കേരള സർക്കാർ കേഡറിലുള്ള ഓഫീസർമാർക്കും അപേക്ഷിക്കാവുന്നതാണ്.** |
| 3 | അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ/മെക്കാനിക്കൽ) | കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ/ യൂണിവേഴ്സിറ്റിയിൽ നിന്നും കുറഞ്ഞത് 60% മാർക്കോടെ സിവിൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദവും കുറഞ്ഞത് 5 വർഷത്തെ പോസ്റ്റ് ക്വാളിഫിക്കേഷൻ പരിശീലനവും നേടിയിട്ടുള്ള **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ** |

| | | |
|---|---|---|
| | | **(സിവിൽ/മെക്കാനിക്കൽ)** (7–ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ –10) തസ്തികയിൽ ജോലി നോക്കുന്ന അല്ലെങ്കിൽ 7–ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ പേ മെട്രിക്സ് ലെവൽ 6 / CPSU സ്കെയിൽ / തത്തുല്യ സംസ്ഥാന സർക്കാർ വേതനത്തിൽ) 3 വർഷത്തെ **അസിസ്റ്റന്റ് എഞ്ചിനീയർ** (സിവിൽ/ മെക്കാനിക്കൽ) തസ്തികയിലുള്ള പരിചയം എന്നിവയുള്ളവർക്ക് അപേക്ഷിക്കാം. എഞ്ചിനീയറിംഗിലുള്ള ബിരുദാനന്തര ബിരുദം അഭികാമ്യം. |

തെരഞ്ഞെടുക്കപ്പെടുന്ന ഓഫീസർക്ക് മാതൃസ്ഥാപനത്തിലുള്ള ശമ്പളവും മറ്റ് അലവൻസുകളോടൊപ്പം, ഓഫീസറുടെ ഗ്രേഡ് അനുസരിച്ച് അർഹരായവർക്ക് നിശ്ചിത നിരക്കിലുള്ള സ്പെഷ്യൽ അലവൻസിനും യോഗ്യതയുണ്ടായിരിക്കുന്നതാണ്. അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഡെപ്യൂട്ടേഷൻ കാലാവധി ആദ്യ തവണ 3 വർഷവും ടെക്നിക്കൽ എക്സാമിനർ (സിവിൽ/ ഇലക്ട്രിക്കൽ) അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ/മെക്കാനിക്കൽ) തസ്തികകളുടെ ഡെപ്യൂട്ടേഷൻ കാലാവധി ആദ്യ തവണ 2 വർഷവുമാണ്. മേൽ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുവാൻ താൽപര്യമുള്ള ഉദ്യോഗസ്ഥർ ബയോ-ഡാറ്റ സഹിതം ഉചിത മാർഗ്ഗേണ **15/01/2024**-നു മുമ്പായി ജോയിന്റ് സെക്രട്ടറി (ഭരണം),

ധനകാര്യ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ തപാൽ / ഇ-മെയിൽ (finadmnc@gmail.com) മുഖേന സമർപ്പിക്കാം.

**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
   *(മുൻനിര മലയാളം ദിനപത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി മുൻനിര ഇംഗ്ലീഷ് ദിനപത്രങ്ങളായ ദി ഹിന്ദു, ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ്, ടൈംസ് ഓഫ് ഇൻഡ്യ എന്നിവയിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി)*
2. ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസ്
3. നോഡൽ ഓഫീസർ, www.finance.kerala.gov.in
   *(ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)*
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി/നോട്ടീസ് ബോർഡ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# BIO-DATA

1. Name:

2. Date of Birth:

3. Address:
   Office:
   Residence:

4. Phone
   Office:
   Residence :
   Mobile No :
   e mail id :

5. Qualification:

| Examination Passed | Year of Passing | University | Percentage of Mark |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

6. Experience (Indicate Grade and scale
   (List all positions held post qualification)

Signature with date

**FOR OFFICE USE ONLY (to be filled by the Head of Department)**

Verified and found.............................................................................................................

..................................................................................................................................

**(to be filled by Finance Department)**

..................................................................................................................................

Section Officer/Under Secretary/Deputy Secretary/Joint Secretary
Finance Department